ഉത്തരം

കേന്ദ്ര ദുരന്ത പ്രതികരണ സേനയുടെ സ്ഥിരം കേന്ദ്രം കോഴിക്കോട് ആരംഭിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ടെന്നും കേന്ദ്ര ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ ഫണ്ട് ലഭ്യതയെക്കുറിച്ചുള്ള ഒരു അറിയിപ്പും കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടില്ല. കേന്ദ്ര ദുരന്ത പ്രതികരണ സേനയുടെ സ്ഥിരം യൂണിറ്റ് കോഴിക്കോട് ജില്ലയിൽ ആരംഭിക്കുന്നതിന് അമ്പായത്തോട് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥലത്ത് ഓഫീസ് ആരംഭിക്കുന്നതിനോ താമസസൗകര്യം ഏർപ്പെടുത്തുന്നതിനോ കെട്ടിടങ്ങൾ നിലവിൽ ഇല്ലാത്തതിനാൽ ഈ കാലവർഷക്കാലത്തേയ്ക്ക് 10-7-2010-ന് എത്തിയ എൻ.ഡി.ആർ.എഫ്.. സേനയ്ക്ക് കോഴിക്കോട് ജില്ലയിൽ വെങ്ങേരി അഗ്രിക്കൾച്ചറൽ ഹോൾസെയിൽ മാർക്കറ്റ് ഡോർമെട്രിയിൽ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. താൽക്കാലികമായി സ്ഥാപിച്ചിരിക്കുന്ന ഈ സേനയെ തന്നെ സ്ഥിരമായി നിലനിർത്തുന്നതിന് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ടുവരുന്നു.

ഇടുക്കി ജില്ലയിൽ പീരുമേട് ആസ്ഥാനമാക്കി കാലവർഷത്തെ നേരിടാൻ 3 മാസത്തേക്ക് (ജൂലൈ - സെപ്തംബർ) കേന്ദ്ര ദുരന്ത പ്രതികരണ സേനയുടെ ഒരു താൽക്കാലിക യൂണിറ്റും അനുവദിക്കുന്നതിന് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇവിടെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ 20,44,970 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

യുവകർമ്മ സേന

118 (5316) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിനുകീഴിൽ യുവകർമ്മ സേന രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയൊക്കെയാണെന്ന് വിശദീകരിക്കാമോ ;

(ബി) യുവകർമ്മ സേനയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(സി) യുവകർമ്മ സേനയിൽ അംഗങ്ങളെ ചേർക്കുന്നത് എങ്ങനെയാണ് ; ആരൊക്കെയാണ് ഇതിലെ അംഗങ്ങൾ ;

(ഡി) ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ യുവകർമ്മ സേനാംഗങ്ങൾക്ക് ട്രെയിനിംഗ് നൽകുന്നുണ്ടോയെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വില്ലേജ് അടിസ്ഥാനത്തിൽ ദുരന്തനിവാരണത്തിനായി യുവകർമ്മ സേന രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് യുവജനക്ഷേമ ബോർഡുമായി ചർച്ച ചെയ്തിട്ടുണ്ട്. പ്രത്യേകമായ ഒരു പദ്ധതി ഇതിനായി തയ്യാറാക്കി വരുന്നു. സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലും യുവകർമ്മസേനയുടെ പ്രവർത്തനം ആരംഭിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി - ഡി) പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കി വരുന്നതേയുള്ളൂ. ആയതിനാൽ ഇത് സംബന്ധിച്ച വിവരങ്ങൾ ഇപ്പോൾ ലഭ്യമല്ല.

പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിന് കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക

119 (5318) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിന് കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാനത്തിന് ലഭിച്ച തുക എത്രയായിരുന്നു എന്നറിയിക്കുമോ ;

(ബി) ഇതിന്റെ വർഷാടിസ്ഥാനത്തിലുള്ള കണക്ക് വെളിപ്പെടുത്തുമോ ;

(സി) ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിന് ഓരോ വർഷവും ആവശ്യപ്പെട്ട തുക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിന് ഓരോ വർഷവും എത്ര തുക സംസ്ഥാനത്തിന് ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിനു ലഭിക്കുന്ന പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയുടെ (CRF) 75 ശതമാനം കേന്ദ്ര വിഹിതവും 25 ശതമാനം സംസ്ഥാന വിഹിതവുമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനായി കേന്ദ്ര വിഹിതം ഇനത്തിൽ 292.365 കോടി രൂപ ലഭിച്ചിട്ടുണ്ട്. കൂടാതെ 2004-ലെ വരൾച്ചയുമായി ബന്ധപ്പെട്ട് 106 കോടി രൂപയും 2005-ലെ വെള്ളപ്പൊക്കവുമായി ബന്ധപ്പെട്ട് 17.935 കോടി രൂപയും ഉൾപ്പെടെ ആകെ 123.935 കോടി രൂപ അധിക ധനസഹായമായി നാഷണൽ കലാമിറ്റി കണ്ടിജൻസി ഫണ്ടിൽ (NCCF) നിന്നും ലഭിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിൽ നിന്നു ലഭിച്ച തുകയുടെ വർഷാടിസ്ഥാനത്തിലുള്ള കണക്ക് താഴെ ചേർക്കുന്നു :

വർഷം	CRF(in crore)	NCCF (in crore)
2001-02	52.9575	....
2002-03	55.60	....
2003-04	58.38	....
2004-05	61.2975	....
2005-06	64.13	123.935

LIBRARY ARCHIVES Kerala Legislative Assembly